പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1093 20.01.2014-ൽ മറുപടിക്ക്.

ഇ- സാക്ഷരതാ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. കെ.മുരളീധരൻ:<br>ശ്രീ. റ്റി.എൻ. പ്രതാപൻ :<br>ശ്രീ. പി.സി വിഷ്ണുനാഥ്: | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഇ-സാക്ഷരതാ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. പി.എൻ. പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്രയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ തെരെഞ്ഞെടുത്ത 100 പഞ്ചായത്തുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സമ്പൂർണ്ണ ഇ-സാക്ഷരതാ യജ്ഞം - ഒന്നാം ഘട്ടം 2014 ജനുവരി 4-ാം തീയതി ബഹു. പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തിട്ടുണ്ട് |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) | വിവരസാങ്കേതിക വിദ്യയിൽ അറിവും പ്രാവീണ്യവും സാമാന്യജനങ്ങൾക്ക് ഇന്റർനെറ്റിലൂടെ സുപരിചിതമാക്കുക, കല, ശാസ്ത്രം, സാങ്കേതികവിദ്യ, വ്യവസായം, സ്വയംപ്രകാശനം, ആശയവിനിമയം, സാമൂഹ്യസേവനം എന്നീ മേഖല- കളിൽ ഡിജിറ്റൽ മാധ്യമത്തിലൂടെ സർഗ്ഗാത്മക സംയോജനം സാധ്യമാക്കുക, ഇ-ഗവേണൻസ് ജനപ്രിയമാക്കു- ന്നതിന് വിവര സാങ്കേതിക വിദ്യയുടെ പങ്കാളിത്തവേദി ഒരുക്കുക, |

| | | | |
|---|---|---|---|
| | | | സാമ്പത്തിക ശാക്തീകരണത്തിനും സമയത്തിന്റെ പൂർണമായ സദുപയോഗത്തിനും സഹായകമായ ഇ-വാണിജ്യവും, ഇ-സേവനവും സുപരിചിതമാക്കുക എന്നിവയാണ് പ്രധാനമായും ലക്ഷ്യമിടുന്നത് |
| (സി) | എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് പദ്ധതിക്ക് ലഭിക്കുന്നത്; | (സി) | പി.എൻ. പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്രയുടെ നേതൃത്വത്തിൽ 795 ലക്ഷം രൂപ ചെലവിൽ നടപ്പിലാക്കുന്ന ഇ-സാക്ഷരതാ പദ്ധതിക്ക് 375 ലക്ഷം രൂപ കേന്ദ്ര സഹായം പ്രതീക്ഷിക്കുന്നു. |
| (ഡി) | പദ്ധതി എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. | (ഡി) | 33 മാസത്തിനുള്ളിൽ ഒന്നാം ഘട്ടം പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. |
| (ഇ) | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഇ) | മെയ് ജൂൺ മാസങ്ങളിൽ കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം ജില്ലകൾ കേന്ദ്രീകരിച്ച് പഞ്ചായത്ത് പ്രസിഡന്റുമാരുടെ പങ്കാളിത്തത്തിൽ മേഖലാ ക്യാമ്പുകൾ നടത്തുകയും, തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലും പാലക്കാട് ജില്ലയിലെ കണ്ണാടി പഞ്ചായത്തിലും നവംബർ മാസം മുതൽ സമ്പൂർണ്ണ ഇ-സാക്ഷരതാ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട് എന്ന് പി.എൻ.പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്ര അറിയിച്ചിട്ടുണ്ട്. |

Sheela H

സെക്ഷൻ ഓഫീസർ